**തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ് ഡിസൈൻ & ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ നടപടി ഉത്തരവ്.**

(ഹാജർ: കെ. സുന്ദരൻ)

വിഷയം: പൊതുമരാമത്ത് വകുപ്പ് - ജീവനക്കാര്യം - ശ്രീ. ആലിം സി.എം. ന്റെ കെയർ ടേക്കർ തസ്തികയിലേയ്ക്കുളള സ്ഥാനക്കയറ്റം പുനർ നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിപ്പിയ്ക്കുന്നു.

സൂചന:1. അഡ്വൈസ് നമ്പർ: ഡി (11) (6) 1464/90 തീയതി: 07/11/1995.
2. അഡ്വൈസ് നമ്പർ: ഐ.ഡി.ബി./4/1416/90 തീയതി: 29/11/1995.
3. ശ്രീ. പൗലോസ് പി.സി., ശ്രീ. ആലിം സി.എം. എന്നിവരുടെ അപേക്ഷ.

**ഉത്തരവ് നമ്പർ: ഇഇ3/3370/2012 തീയതി: 22/12/2012.**

മാനേജർ ഗ്രേഡ് 1 ന്റെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ, സൂചന (3) പ്രകാരം ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീ. അലിം, ശ്രീ. പൗലോസ് എന്നിവരുടെ സേവന പുസ്തകം പരിശോധിച്ചപ്പോൾ ശ്രീ. ആലിം സി.എം. 07/11/1995 തീയതിയിലും, ശ്രീ. പൗലോസ് 29/11/1995 തീയതിയിലും പി.എസ്.സി. അഡ്വൈസ് പ്രകാരം ബട്‌ലർ ആയി സർവ്വീസിൽ പ്രവേശിച്ചതായി കാണുന്നു. എന്നാൽ ബട്‌ലറുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ ശ്രീ. ആലിം സി.എം. നെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല.

ആയതിനാൽ കെ.എസ്സ്. & എസ്സ്.എസ്സ്.ആർ (KS & SSR) Rule 27 പ്രകാരം പി.എസ്.സി. അഡ്വൈസ് തീയതിയുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി കണക്കാക്കുമ്പോൾ ശ്രീ. ആലിം, പൗലോസിനേക്കാൾ സീനിയർ ആയി വരേണ്ടതാണ്. എന്നാൽ ജൂനിയർ ആയ ശ്രീ. പൗലോസിന് 09/06/1999 ൽ കെയർടേക്കർ ആയി സ്ഥാനക്കയറ്റം നല്കുകയും ശ്രീ. ആലിം സി.എം. ന് 25/02/2000 ത്തിലുമാണ് പ്രമോഷൻ നല്കിയിരുന്നത്. ആയതിനാൽ സർവ്വീസിൽ സീനിയർ ആയ ശ്രീ. ആലിം ന് തന്റെ ജൂനിയർ ആയ ശ്രീ. പൗലോസിന് കെയർ ടേക്കറായി സ്ഥാനകയറ്റം നല്കിയ 09/06/1999 തീയതി മുതൽ നോഷണൽ ആയി കെയർടേക്കർ സ്ഥാനകയറ്റം നല്കി ഇതിനാൽ ഉത്തരവാകുന്നു. ഈ നോഷണൽ പ്രമോഷൻ കാലയളവ് ശമ്പള കുടിശ്ശികയ്ക്കോ സമയ ബന്ധിത ഹയർ ഗ്രേഡിനോ പരിഗണിയ്ക്കുന്നതല്ല.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ
(ഡിസൈൻ & ഭരണം)

വ്യക്തികൾക്ക്.

പകർപ്പ്:
1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെട്ടിട വിഭാഗം, ഇടുക്കി / തൃശ്ശൂർ.
2) അസിസ്റ്റന്റ് എഞ്ചിനീയർ, ബിൽഡിംഗ്സ് സെക്ഷൻ, തൊടുപുഴ / ഇരിങ്ങാലക്കുട.
3) സ്പെഷ്യൽ സെൽ, തിരുവനന്തപുരം / ഐ.റ്റി. സെൽ / ശേഖരണം / അധിക കോപ്പി.

ഉത്തരവിൻ പ്രകാരം

ഭരണ സഹായി

fc2